LIBRARY ARCHIVES Kerala Legislative Assembly

മാവേലി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കാൻ നടപടി

77 (4428) ശ്രീ കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സൂപ്പർ മാർക്കറ്റുകൾ എത്ര നഗരങ്ങളിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കൂടുതൽ പട്ടണങ്ങളിലേക്ക് ഇവ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) സാമൂഹികമായും വാണിജ്യപരമായും ഗുണപരമെന്ന് ബോദ്ധ്യപ്പെടുന്ന സംസ്ഥാനത്തെ മറ്റു സ്ഥലങ്ങളിലും പട്ടണങ്ങളിലും സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു.

പുതിയ മാവേലി സ്റ്റോറുകൾ

78 (4429) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ മാവേലിസ്റ്റോറുകൾ അനുവദിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് എന്തൊക്കെ കാര്യങ്ങളാണ് ചെയ്തു നൽകേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി വ്യവസ്ഥചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവുകളുണ്ടോ ; പകർപ്പുകൾ നൽകുമോ ;

(സി) നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി കൂടുതൽ കാലത്തേക്കുള്ള വാടകയും കമ്പ്യൂട്ടറും മറ്റു സാമഗ്രികളും വാങ്ങുന്നതിന് കൂടുതൽ തുകയും കോർപ്പറേഷൻ ഗ്രാമപഞ്ചായത്തുകളോട് ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ - സി) പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് 500 ചതുരശ്ര അടിയിൽ കുറയാത്ത അനുയോജ്യമായ കെട്ടിടവും സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള രീതിയിലുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളോ അമ്പതിനായിരം രൂപയോ പഞ്ചായത്ത് അധികൃതർ ലഭ്യമാക്കേണ്ടതാണ്. പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറിന്റെ ആദ്യ രണ്ട് വർഷത്തെ കെട്ടിട വാടക തദ്ദേശസ്വയംഭരണ

സ്ഥാപനത്തിന്റെ തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽനിന്നും നൽകുവാൻ 15-7-2006-ലെ 15289/കെ1/2005/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധം എ-യായി ചേർക്കുന്നു.* എന്നാൽ പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള ഉപാധികൾ സംബന്ധിച്ച 24-10-2008-ലെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ബോർഡ് തീരുമാനപ്രകാരം ആദ്യത്തെ 3 വർഷത്തേക്കാണ് മാവേലി സ്റ്റോറിനാവശ്യമായ കെട്ടിടത്തിന്റെ വാടക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കേണ്ടത്. ബോർഡ് തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം (ബി)-യായി ചേർക്കുന്നു.* 3 വർഷം എന്നത് രണ്ടു വർഷമാക്കി പരിമിതിപ്പെടുത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പള്ളുരുത്തി ലാഭം സൂപ്പർ മാർക്കറ്റിൽ സാധനങ്ങളുടെ ലഭ്യത

79 (4430) ശ്രീ. സി. എം. ദിനേശ്മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളുരുത്തി ലാഭം സൂപ്പർമാർക്കറ്റിൽ സബ്സിഡി ഉള്ള ചെറുപയർ അടക്കമുള്ള പല സാധനങ്ങളും സ്റ്റോക്കില്ലാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി കൈക്കൊള്ളുമോ ;

(സി) പഞ്ചസാരയടക്കമുള്ള ചില സാധനങ്ങളുടെ വില പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയ്ക്ക് സപ്ലൈകോയിൽ വിൽപ്പന ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സപ്ലൈകോ പള്ളുരുത്തി സൂപ്പർ മാർക്കറ്റിൽ സബ്സിഡി വിലയ്ക്കുള്ള ചെറുപയർ, അരി എന്നിവ ആവശ്യത്തിനനുസരിച്ച് സ്റ്റോക്കില്ലാതിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റോക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സാധനങ്ങളുടെ വില പൊതുവിപണിയേക്കാൾ കുറച്ചു വിൽക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ തന്നെ സ്വീകരിച്ചു വരുന്നുണ്ട്. പഞ്ചസാര, അരി, പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവ പൊതുവിപണിയേക്കാൾ വളരെ കുറഞ്ഞ നിരക്കുകളിലാണ് വിൽപ്പന നടത്തുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly